# ജി.എച്ച്.എസ് കൊടുമുണ്ട വെസ്റ്റ്



## അക്കാദമിക് മാസ്റ്റർ പ്ലാൻ-2025-26

# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ മുഴുവൻ ഒരു ഉണർവിന്റേയും ഉന്മേഷത്തിൻറയും പാതയിലാണ്.കേരള സംസ്ഥാനത്തു പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എനിയും ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്.

ഒരു പുതിയ സമൂഹത്തെ സൃഷ്ടിച്ചെടുക്കുവാനുള്ള ഉപകരണമായി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മാറ്റിയെടുക്കേണ്ടതുണ്ട്.ജനാധിപത്യത്തിൽ അടിയുറച്ചതും,മതേതര മൂല്യങ്ങൾ ഉയർത്തിപിടിച്ചതുമായ എല്ലാ വിഭാഗം ആളുകൾക്കും തുല്യ നീതിയും,അവസര സമത്വവും ലഭ്യമാകുന്നതുമായ ഒരു സമൂഹ നിർമ്മിതിക്കാവശ്യമായ അനുഭവപാഠങ്ങൾ വിദ്യാലയ ജീവിതകാലഘട്ടത്തിൽ തന്നെ ലഭ്യമാകേണ്ടതുണ്ട്. ഉല്പാദനത്തിലധിഷ്ഠിതവും സ്വാശ്രയത്തിൽ ഊന്നിയുള്ളതുമായ ജീവിത നൈപുണിയും ശേഷികളും വിദ്യാലയ ജീവിതത്തിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്.അതിനായി എല്ലാ ലക്ഷ്യവും കൈവരിക്കുന്നതിനുള്ള ഒരു അക്കാദമിക് മാസ്റ്റർപ്ലാൻ അനിവാര്യമാണ്.അതിനുതകുന്ന ഒരുവാർഷികപദ്ധതിയാണ് മുന്നോട്ടുവെക്കുന്നത്.
ല്ലാ വിദ്യാലയങ്ങളും സമഗ്രമായ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കി ഒരു വലിയ മുന്നോട്ടു കുതിപ്പിന് ഒരുങ്ങുകയാണ്. കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം പൊതു വിദ്യാലയങ്ങൾ വഴി ലഭ്യമാക്കുക എന്നത് സമൂഹത്തിന്റെ കടമയാണ്. വിദ്യാഭ്യാസ അവകാശ നിയമം ഇക്കാര്യത്തിലേക്കു വിരൽ ചൂണ്ടുന്നുണ്ട്. കേരളം വിദ്യാഭ്യാസരംഗത്ത് ഏറെ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ്.

**ലക്ഷ്യങ്ങൾ**

* ഗ്രാമത്തിലേയും പ്രദേശങ്ങളിലെയും കുട്ടികളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതി.

* ഭിന്നശേഷിക്കാരായ കുട്ടികളുടെ സമഗ്ര ശേഷി വികാസം.

* സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന.

* യുക്തിചിന്ത,ശാസ്ത്രാവബോധം,സാമൂഹ്യബോധം, സമത്വചിന്ത, സംഘബോധം, സഹകരണ മനോഭാവം,സഹാനുഭൂതി, സ്വാതന്ത്ര്യബോധം, ജനാതിപത്യമതനിരപേക്ഷകാഴ്ചപ്പാട് എന്നിവയിൽ അധിഷ്ഠിതമായ ഒരു ജീവിതക്രമം വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും അധ്യാപകരിലും വളർത്തിയെടുക

* വിദ്യാലയം വൈവിധ്യമാർന്ന അനുഭവങ്ങളുടെ കേന്ദ്രമാക്കി മാറ്റണം.

* ക്ലാസ്റൂമിനകത്തും പുറത്തും വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ സാങ്കേതിക മികവോടെ സാധ്യമാക്കൽ.

* കുട്ടികളുടെ എഴുത്തും വായനയും സർഗാത്മകതയും മെച്ചപ്പെടുത്തുന്നതിന് ലൈബ്രറി സംവിധാനങ്ങളുടെ ഉപയോഗം.

* കുട്ടികളിൽ യുക്തിബോധവും ശാസ്ത്ര ചിന്തയും വികസിപ്പിക്കുന്നതിന് അനുഭവധിഷ്ഠിത പഠനപ്രവർത്തനങ്ങൾ.

* കുട്ടികൾക്ക് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ  അവസരം ഒരുക്കൽ.

* സൗഹൃദത്തിലൂന്നിയ ബന്ധങ്ങൾ വിദ്യാർത്ഥികൾ പരസ്പരവും,വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും ഉണ്ടാക്കിയെടുക്കുക.

* പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് മെച്ചപ്പെട്ട പരിഗണന നൽകുന്ന അന്തരീക്ഷം ഒരുക്കൽ.

* ഓരോ കുട്ടിക്കും അന്വേഷണാത്മക പഠനത്തിനും അനുബന്ധ പ്രവർത്തനത്തിനും അവസരം ഒരുക്കലും അതുമായി ബന്ധപ്പെട്ട ഓരോ കുട്ടിയുടേയും ഉത്പന്നങ്ങൾ ഉറപ്പുവരുത്തുക.

* വിവിധ മേഖലകളിലുള്ള പ്രതിഭകളെ കണ്ടെത്തി അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ.

* അദ്ധ്യാപകർക്ക് ആധുനിക മനശ്ശാസ്ത്രത്തിന്റെയും, സാങ്കേതികവിദ്യയുടെയും, അടിസ്ഥാനത്തിൽ പഠന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള ആവശ്യമായ ശാക്തീകരണം.

* നിലവിലുള്ളതിൽ നിന്ന് പടിപടിയായും അതേസമയം അതിവേഗത്തിലും വികസിക്കുന്ന ഭൗതിക ചുറ്റുപാടുകളിൽ അക്കാദമിക് അന്തരിക്ഷം ഒരുക്കൽ.

* ശുചീകരണ പ്രവർത്തനങ്ങൾക്ക് ഏറെ പ്രാധാന്യം നൽകി അർപ്പണ മനോഭാവ ത്തോടെ പ്രവർത്തിക്കുന്ന അധ്യാപകരും വിദ്യാർത്ഥികളും.

* ഓരോ ക്ലാസ്മേറികളിലും ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യമായ പ്രയോഗങ്ങൾ.

# വിദ്യാലയം ഒറ്റനോട്ടത്തിൽ

**വിദ്യാലയത്തിന്റെ പേര് : ജി.എച്ച്.എസ് കൊടുമുണ്ട വെസ്റ്റ്**

**സ്വഭാവം: ഗവർമെന്റ്**

**വിദ്യാലയം സ്ഥാപിതമായ വർഷം : 1956**

**വിലാസം : പരുതൂർ**

**പാലക്കാട് 679305**

**ഗ്രാമ പഞ്ചായത്ത് : പരുതൂർ**

**റവന്യു ജില്ല : പാലക്കാട്**

വിദ്യാഭ്യാസ ജില്ല : ഒറ്റപ്പാലം

വിദ്യാഭ്യാസ ഉപജില്ല : പട്ടാമ്പി

ഹെഡ്മിസ്ട്രസ് : ഗീതാതങ്കം വി .ടി

പി.ടി.എ പ്രസിഡന്റ് : അനൂപ് എം

# <u>എഴുപതിന്റെ നിറവിൽ</u>

ഇന്നത്തെ പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽ പരുതൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ജി. എച്ച്. എസ്. കൊടുമുണ്ട വെസ്റ്റ് 1956 ജനുവരി 19 ന് ഒരു ഏക അദ്ധ്യാപക വിദ്യാലയമായി പ്രവർത്തനം ആരംഭിച്ചു. മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെയും ശ്രീ കെ പി ഭരതപിഷാരടി എന്ന സാമൂഹ്യ പ്രവർത്തകന്റെയും നേതൃത്വത്തിൽ 1953 ൽ തന്നെ ഒരു സർക്കാർ വിദ്യാലയം ആരംഭിക്കുന്നതിനുള്ള ശ്രമം തുടങ്ങിയിരുന്നു. മൂന്നു വർഷങ്ങൾക്കു ശേഷം നരിപ്പറ്റ മനക്കൽ കേശവൻ ഭട്ടതിരിപ്പാട് ഒരു ഏക്കർ അമ്പത് സെൻറ് ഭൂമി വിദ്യാലയ ആവശ്യത്തിന് സൗജന്യമായി നൽകിയത്തോടെ ഓലമേഞ്ഞ കെട്ടിടത്തിൽ ഒരു ഏകാധ്യാപക വിദ്യാലയമായി പ്രവർത്തനം ആരംഭിച്ചു.ആദ്യത്തെ ഏകദ്ധ്യാപകൻ ശ്രീ സി പി നമ്പൂതിരി ആയിരുന്നു. ഒരു വർഷത്തിനുള്ളിൽ നാലു ക്ലാസ്സ്മുറികളും ഒരു ഓഫീസ് മുറിയുമുള്ള വാടക കെട്ടിടത്തിൽ എൽ പി സ്കൂൾ പ്രവർത്തനം തുടങ്ങിയിരുന്നു. 1978 ൽ അമ്പത് സെൻറ് ഭൂമിയും കെട്ടിടവും സർക്കാരിലേക്ക് സൗജന്യമായി രജിസ്റ്റർ ചെയ്തു കൊടുത്തിരുന്നു. 1982-83 ൽ ഈ വിദ്യാലയം യു പി സ്കൂൾ ആയി ഉയർത്തപ്പെട്ടു. ആദ്യകാലം മുതൽ ഉച്ചഭക്ഷണം നൽകിയിരുന്നു. കളിസ്ഥലം ധാരാളം ഉണ്ടായിരുന്നു. അന്നത്തെ കിണർ ഇന്നും ഉപയോഗിച്ചു വരുന്നു. ഒന്നാം വർഷം മുതൽ എല്ലാ വർഷവും വാർഷികാഘോഷം നടത്തിയിരുന്നു. 2005 നു ശേഷം വിദ്യാലയം ഹൈസ്കൂളായി ഉയർത്താൻ ശ്രമം തുടങ്ങിയെങ്കിലും 2011 ലാണ് ഹൈസ്കൂൾ ആയത്.

താരതമ്യേനെ വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിന്നിരുന്ന പ്രദേശമായിരുന്നു കൊടുമുണ്ട. കാർഷിക വൃത്തിയിൽ കഴിഞ്ഞിരുന്ന ഈ പ്രദേശത്ത് ഏതാനും വീടുകളിൽ എഴുത്തു പള്ളിക്കൂടങ്ങൾ നടന്നിരുന്നതായി സൂചനയുണ്ട്. 1956 ൽ തുടങ്ങിയ ജൈത്രയാത്ര 2025 ൽ പ്രധാനധ്യാപിക ശ്രീമതി ഗീത തങ്കം വി ടി യുടെ നേതൃത്വത്തിൽ പുരോഗമിക്കുകയാണ്. 278 വിദ്യാർത്ഥികൾ 23 അധ്യാപകരുടെ കീഴിൽ പഠന- പാഠനേതര മേഖലകളിൽ പുതിയ പടവുകൾ കയറുകയാണ്. 2023-24 അധ്യയന വർഷത്തിൽ മുഴുവൻ വിഷയത്തിലും എ പ്ലസ് നേടിയ വിദ്യാർത്ഥികളുടെ വഴിയേ 2024-25 അധ്യയന വർഷത്തിൽ

വിദ്യാലയത്തിലെ നാലു വിദ്യാർത്ഥികൾ എല്ലാ വിഷയത്തിലും എ പ്ലസ് നേടുകയുണ്ടായി. വിദ്യാലയം അതിന്റെ എഴുപതുകളിലേക്ക് ഉയരുമ്പോൾ പുതിയ പൊൻ തൂവലുകൾക്കായി വാതിൽ തുറന്നിടുകയാണ്...

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| **1.**ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1.പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം-അടിക്കുറിപ്പ്<br>9. ചിത്രം-കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | ജൂൺ ആദ്യവാരം | അധ്യാപകർ ,മുന്നോക്കം നിൽക്കുന്ന കുട്ടികൾ |

| | | | |
|---|---|---|---|
| **2.** കുട്ടിയെ മികച്ച വായന ക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br><br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br><br>3. സമീപ ഗ്രന്ഥശാല അംഗത്വം<br><br>4. വായനോത്സവം സംഘടിപ്പിക്കൽ<br><br>5. പത്രവായന<br><br>6. പുസ്തകചർച്ച<br><br>7. വായനാനുഭവം<br><br>8. വായനക്കുറിപ്പ് പതിപ്പ്<br><br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br><br>10. ദിനാചരണം<br><br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br><br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br><br>13. ആസ്വാദകരമായ വായന<br><br>14. ഇ – വായന | 6 മാസം | പി.ടി.എ, അധ്യാപകർ |
| **3.** കുട്ടിയെ മികച്ച എഴുത്തു കാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം | 6 മാസം | പി.ടി.എ, അധ്യാപകർ |

| | | | |
|---|---|---|---|
| | 2. പുസ്തക ചർച്ച<br><br>3. വായനക്കുറിപ്പ്, പതിപ്പ്<br><br>4 വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br><br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br><br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br><br>7 വ്യക്തിഗത രചന, സംഘ  രചന<br><br>8. ഭാഷ പ്രോജക്ട്<br><br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br><br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | | |
| **4.** സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br><br>2 വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br><br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു<br><br>4 പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം ( ജൂലൈ - ഡിസംബർ ) | ട്രെയിനർ , അധ്യാപകർ |

# ACADEMIC MASTER PLAN- ENGLISH

## AIMS

- Language lab facilities to hear,see and understand language.
- Class radio.
- Introduction of English newspaper.
- Drama club.
- Important day observation.
- Wall magazines.
- Study trips.
- Skill development programme.
- Special coaching programme for the backward students in all divisions.

| Objectives | Activities | Duration | Facilities provided |
|---|---|---|---|
| **1.** To enrich comprehension | Class library<br><br>Workshop<br><br>Preparation of Reviews | June- October<br><br>Annually<br><br>June 2025-27 | Class library, Journals, Novel, Poem, Stories |
| **2.** To enrich Reading | Class library<br><br>Newspaper Reading<br><br>Review Writing<br><br>Day observations<br><br>Club activities | July- December<br><br>January | Newspaper, Journals And Magazines, Internet, Computer |
| **3.** To enrich Reading | To make use of good language<br><br>Literary discussion<br><br>Workshop<br><br>Development of Oratory Skills | Conducted Continuously<br><br>June- January | Library, Stories, Novels, Plays |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
# ഹിന്ദി

## <u>പൊതുവായ ലക്ഷ്യങ്ങൾ</u>

- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പുവരുത്തുക.

- ഹിന്ദി  ഭാഷ പഠനം ലളിതവും രസകരവുമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

- ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷ സ്നേഹവും ദേശ സ്നേഹവും വളർത്തിയെടുക്കുക.

- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| **1.** ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു | കേട്ടെഴുത്ത്, പ്രശ്നോത്തരി എന്നിവ നൽകുന്നു. | ജൂൺ | അധ്യാപകർ |
| **2.** വായനയ്ക്ക് അധിക പ്രാധാന്യം നൽകുന്നു. | ചിത്രകഥ , ചെറുകഥകൾ , കവിതകൾ എന്നിവ വായനക്കായി നൽകുന്നു. | അക്കാദമിക വർഷം | അധ്യാപകർ |
| **3.** വായിക്കാനും എഴുതാനും പിന്നോക്കം നിൽക്കുന്ന കുട്ടിക്കളെകണ്ടെത്തി അധിക പരിശീലനം നൽകുന്നു**.** | വർക്ക്ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ-ജൂലൈ | അധ്യാപകർ |
| **4.** നാമം**,** സർവ്വനാമം**,** വിശേഷണം എന്നിവ മനസ്സിലാക്കുന്നു**.** വാക്യഘടന പരിചയപ്പെടുത്തുന്നു**.** | ചാർട്ടുകൾ നൽകുന്നു അതിൽ നിന്നും നാമം, സർവ്വനാമം, വിശേഷണം എന്നിവ കണ്ടത്തുവാൻ പറയുന്നു. | ജൂലൈ | അധ്യാപകർ |
| **5.** പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു വിവിധ വിഷയങ്ങൾ നൽകുന്നു. | അക്കാദമിക വർഷം | അധ്യാപകർ, ക്ലബ്ബ് |

| | | | |
|---|---|---|---|
| 6. സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷ സമയത്തു കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | സെപ്തംബർ - ജനുവരി | അധ്യാപകർ,ക്ലബ്ബ് |
| **7.** ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രനിരൂപണം, ആസ്വാദനക്കുറിപ്പ്, ഡയറി, കത്ത് എന്നിവ എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | അക്കാദമിക വർഷം | അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
# സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| **1.** കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമിക്കുന്നു.<br><br>പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ |
| **2.** നിരന്തരവായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതു -- വേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം- 1 തവണ | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ |

| | | | |
|---|---|---|---|
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം- 1 തവണ | സയൻസ് അധ്യാപകർ |
| **3.** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്രമാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| **4.** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | തണൽവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിതോട്ടവും നിർമിക്കൽ<br><br>സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് |
| **5.** അന്വേഷണ തൃഷ്ണ വർധിപ്പിക്കൽ നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു<br><br>സ്കൂൾ തലം മുതൽ സബ്ജില്ലാ , ജില്ലാതലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജെക്ട്, മേളകൾ മുതലായവയിൽ പങ്കെടുക്കുന്നു | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സയൻസ് ക്ലബ്ബ്<br><br>സയൻസ് അധ്യാപകർ |

| | | | |
|---|---|---|---|
| **6.** സയൻസുമായി ബന്ധപ്പെട്ടിട്ടുള്ള ദിനാചരണങ്ങൾ | പരിസ്ഥിതി ദിനം - പോസ്റ്റർ നിർമാണം<br><br>വായനാ ദിനം - സയൻസുമായി ബന്ധപ്പെട്ടിട്ടുള്ള ആർട്ടിക്കിൾ വായിപ്പിക്കുക<br><br>ചാന്ദ്രദിനം - പോസ്റ്റർ നിർമാണം,ക്വിസ് മത്സരം<br><br>ഓസോൺ ദിനം - ഓസോൺ ദിന പ്രതിജ്ഞ ചൊല്ലിക്കുന്നു. പോസ്റ്റർ നിർമാണം<br><br>ലോക ശാസ്ത്രദിനം- സയൻസ് ക്വിസ്, സയൻസ് മോഡലുകളുടെ പ്രദർശനം, പോസ്റ്റർ നിർമാണം, വിവിധ ശാസ്ത്രജ്ഞന്മാരും അവരുടെ കണ്ടുപിടുത്തങ്ങളും പരിചയപ്പെടുത്തൽ, സിനിമാ പ്രദർശനം<br><br>റോഡ് സുരക്ഷാ വാരം - പോസ്റ്റർ നിർമാണം, ബോധവത്കരണ ക്ലാസ്, മുദ്രാവാക്യ നിർമ്മാണ മത്സരം, സ്കിറ്റ് അവതരണം | ജൂൺ<br><br>ജൂൺ<br><br>ജൂലൈ<br><br>സെപ്റ്റംബർ<br><br>നവംബർ<br><br>ജനുവരി | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് |

| | | | |
|---|---|---|---|
| | ദേശീയ ശാസ്ത്രദിനം - ശാസ്ത്ര പരീക്ഷണങ്ങളുടെ പ്രദർശനം, പോസ്റ്റർ നിർമാണം | ഫെബ്രുവരി | സയൻസ് ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ **2025-26**
# സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| **1.** പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക.<br><br>ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു..<br><br>സാമൂഹ്യ ശാസ്ത്രതത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക പഠന പദ്ധതികൾ നടത്തുന്നു. | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| **2.** ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം , മൂല്യബോധം എന്നിവ വളർത്തുക. | സ്കൂൾ പാർലമെൻറ് , മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേക ദിവസങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| **3.** സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണങ്ങൾ വളർത്തുക**.** | സാമൂഹ്യ ശാസ്ത്ര ലാബുകൾ കൗതുകം എന്നിവ ക്രമീകരിക്കുന്നു. ആകാശക്കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| | കാഴ്ചവെക്കുന്നു | | |
| **4.** മതേതരത്വം**,** സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക **-**സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | സർവ്വേ, പ്രൊജക്ട് ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| **5.** ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലം നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു.<br><br>ഭൂപടവായന പ്രോത്സാഹിപിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച്ചവെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ , ഗ്ലോബ് എന്നിവ പരിമിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| **6.** കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം ) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| **7.** വ്യത്യസ്തയിനം | വിവിധ മേഖലകളെ കുറിച്ച് | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര |

| | | | |
|---|---|---|---|
| മണ്ണിനങ്ങളെ കുറിച്ചും ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ, ഇവയെല്ലാം പരിചയപ്പെടുത്തുക എന്ന ലക്ഷ്യം. | കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും, കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | മുഴുവനും | അധ്യാപകൻ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| **1.** ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, പരിഹാര ബോധനം | ജൂൺ ആദ്യവാരം | അധ്യാപകർ ,മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| **2.** നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സ് ലഭ്യത , ശില്പശാലകൾ | തുടർപ്രവർത്തനം | അധ്യാപകർ |
| **3.** ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ എന്നിവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം- 1 തവണ | അധ്യാപകർ, ഗണിത ക്ലബ്ബ് |
| **4.** സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർപ്രവർത്തനം | അധ്യാപകർ, സംഘത്തലവൻ |
| **5.** ഗണിത വിഷയങ്ങളിൽ കൂടുതൽ വിവരങ്ങൾ ആർജ്ജിക്കൽ | ഗണിത ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | ഒരു ടേമിൽ ഒന്ന് | ഗണിത ക്ലബ്ബ് |
| **6.** ഗണിതവുമായി ബന്ധപ്പെട്ട് വരുന്ന ദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | ഗണിതവുമായി ബന്ധപ്പെട്ട ദിനങ്ങളുടെ ആചരണം, അതുമായി ബന്ധപ്പെട്ട | പൈദിനം, രാമനുജൻ ദിനം,ലോക ജനസംഖ്യാദിനം.... | ഗണിത ക്ലബ്ബ് |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ | | |
| **7.** ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപരണങ്ങൾ ശേഖരിക്കൽ | ജൂലൈ-ആഗസ്റ്റ് | അധ്യാപകർ, ഗണിത ക്ലബ്ബ് |
| **8.** ഗണിത മത്സര വേദികളിലേക്ക്, മേളകളിൽ ഊർജ്ജസ്വലത കൈവരിക്കാൻ | ചർച്ചകൾ, ആസൂത്രണം, കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിയ്ക്കൽ. | തുടർപ്രവർത്തനം | അധ്യാപകർ, ഗണിത ക്ലബ്ബ് |
| **9.** രക്ഷിതാക്കളെ ബോധവത്കരിക്കൽ | ക്ലാസ് PTA കൾ സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, SRG കൺവീനർ, HM, PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
# ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| **1.**സബ്ജക്ട് കേന്ദ്രീകൃത IT പഠനം | പാഠ്യ വിഷയവുമായി ബന്ധപ്പെട്ട പ്രധാന മേഖലകൾ കേന്ദ്രീകരിച്ചു ഐ ടി അധിഷ്ഠിത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു<br><br>ഗ്രൂപ്പ് പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | അധ്യാപകർ ,മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| **2.** വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തി യാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക: ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറു കൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തന ങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ |
| **3.** വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവ ങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ |

| | | | |
|---|---|---|---|
| **4.** പഠന പ്രവർത്തനങ്ങളി ലൂടെ പ്രായോഗിക പരിശീ ലനം സാധ്യമാക്കുക.<br><br>5.ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെ ക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധ വൽക്കരിക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതു വഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു.<br><br>സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധ വൽക്കരണം: മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെ ക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ<br><br>ഐ.ടി. ക്ലബ്ബ് |

***************